"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളായിരിക്കുന്ന എയ്ഡഡ് സ്കൂൾ/കോളേജ് അദ്ധ്യാപകർ, എയ്ഡഡ് സ്കൂൾ/കോളേജ് അദ്ധ്യാപകേതര ജീവനക്കാർ, അർദ്ധസർക്കാർ ജീവനക്കാർ, സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവർക്ക് ജനകീയാസൂത്രണ പ്രവർത്തനങ്ങൾ കൂടാതെ തദ്ദേശസ്വയംഭരണവുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങൾക്കുകൂടി 15 ദിവസത്തെ ഡ്യൂട്ടി ലീവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1118/2024/LSGD തീയതി,തിരുവനന്തപുരം, 24-06-2024

---

പരാമർശം:-

1. 09.10.2017-ലെ സ.ഉ(സാധാ) നം 3248/2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.
2. ചെങ്ങളായി ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ.മുസാൻകുട്ടി തേർളായിയുടെ ഹർജി.
3. നാദാപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ.വി.വി. മുഹമ്മദ് അലിയുടെ 06.10.2023 - ലെ ഹർജി.
4. 22.01.2024 - ൽ കൂടിയ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.94 (ii)-ാം നമ്പർ തിരുമാനം.

**ഉത്തരവ്**

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളായിരിക്കുന്ന എയ്ഡഡ് സ്കൂൾ/കോളേജ് അദ്ധ്യാപകർ, എയ്ഡഡ് സ്കൂൾ/കോളേജ് അദ്ധ്യാപകേതര ജീവനക്കാർ, അർദ്ധ സർക്കാർ ജീവനക്കാർ എന്നിവർക്ക് 13-ാം പഞ്ചവൽസര പദ്ധതിയിലെ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ കൂടാതെ വിവിധ ആവശ്യങ്ങൾക്കായുള്ള ഗ്രാമസഭ, വാർഡ് വികസന സമിതി, കുടുംബശ്രീ, അയൽസഭ, വാർഡ് തല സാനിറ്ററി കമ്മിറ്റി, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിവിധ പരിശീലനങ്ങൾ എന്നിവയിൽ പങ്കെടുക്കുന്നതിന് ഒരു വർഷം പരമാവധി 15 ദിവസം ഡ്യൂട്ടി ലീവ്

അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ടി ഉത്തരവ് 14-ാം പഞ്ചവൽസര പദ്ധതി കാലഘട്ടത്തിൽകൂടി ബാധകമാക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2), പരാമർശം (3) പ്രകാരം ഹർജി സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (4) -ലെ 22.01.2024 -ൽ കൂടിയ വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും ഹർജിക്കാരുടെ ആവശ്യവും പരിഗണിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളായിരിക്കുന്ന എയ്ഡഡ് സ്കൂൾ/കോളേജ് അദ്ധ്യാപകർ, എയ്ഡഡ് സ്കൂൾ/കോളേജ് അദ്ധ്യാപകേതര ജീവനക്കാർ, അർദ്ധ സർക്കാർ ജീവനക്കാർ, സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവർക്ക് 14-ാം പഞ്ചവൽസര പദ്ധതിയിലെ ജനകീയ ആസൂത്രണ പ്രവർത്തനങ്ങൾ കൂടാതെ വിവിധ ആവശ്യങ്ങൾക്കായുള്ള ഗ്രാമസഭ, വാർഡ് വികസന സമിതി, കുടുംബശ്രീ, അയൽസഭ, വാർഡ് തല സാനിറ്ററി കമ്മിറ്റി, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിവിധ പരിശീലനങ്ങൾ എന്നിവയ്ക്ക് കൂടി ഡ്യൂട്ടി ലീവ് ഒരു വർഷം പരമാവധി 15 ദിവസമാക്കി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെലീന.എ
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം.

രജിസ്ട്രാർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്, തിരുവനന്തപുരം.

ശ്രീ. മുസാൻകുട്ടി തേർളായി, മെമ്പർ, ചെങ്ങളായി ഗ്രാമപഞ്ചായത്ത്.

ശ്രീ. വി.വി. മുഹമ്മദ് അലി , പ്രസിഡന്റ് , നാദാപുരം ഗ്രാമപഞ്ചായത്ത്.

തദ്ദേശ സ്വയംഭരണ(ഡിഎ) വകുപ്പ്

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം.

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD-EM2/176/2023-LSGD].

ഉത്തരവിൻ പ്രകാരം

Signed by
Vijayakumar D
Date: 24-06-2024 12:20:54
സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്.

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ യ്ക്ക്.